"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2013-14 - തിരുവമ്പാടി നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി - 'തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം' -28/01/2020 ലെ സ.ഉ.(സാധാ)നം. 220/2020/തസ്വഭവ ഉത്തരവ് ഭേദഗതി ചെയ്തിറക്കിയ 18/05/2020 ലെ സ.ഉ.(സാധാ)നം. 905/2020/തസ്വഭവ ഉത്തരവ് റദ്ദാക്കികൊണ്ടു ഉത്തരവ് പുറപ്പെട്ടവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.849/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/04/2021

---

പരാമർശം:- 1 ബഹു. ഹൈക്കോടതിയുടെ WP(C) നമ്പർ -2874/2019 ൽ പുറപ്പെട്ടവിച്ച 23/10/2019ലെ വിധി ന്യായം.

2 സ.ഉ.(സാധാ)നം. 220/2020/തസ്വഭവ തീയതി 28/01/2020.

3 സ.ഉ.(സാധാ)നം. 905/2020/തസ്വഭവ തീയതി 18/05/2020.

4 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.02.2020, 20.11.2020 തീയതികളിലെ ഡിബി4/ 13377/2019/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ

ഉത്തരവ്

തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 115 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ Construction of New Building for Thiruvambady Grama Panchayat എന്ന പ്രവൃത്തിയ്ക്കായി 2012-16 നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ കാലയളവിൽ ബാക്കിയുള്ള തുകയിൽ നിന്ന് 18.4 ലക്ഷം രൂപയും , 2019-20 സാമ്പത്തിക വർഷത്തിൽ നിന്ന് 15,928 /- രൂപയും ചേർത്ത് ആകെ 18,55,928/- രൂപ ( പതിനെട്ട് ലക്ഷത്തി അൻപത്തിയഞ്ചായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം ) അധിക തുകയായി വിനിയോഗിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ടി പ്രവൃത്തിക്ക് 1,33,55,928/- രൂപ (ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി അൻപത്തിഅയ്യായിരത്തി തൊള്ളായിരത്തി ഇരുപത്തി എട്ട് രൂപ) യുടെ എസ്റ്റിമേറ്റിന് പരാമർശം 2 പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി ബഹു. ഹൈക്കോടതിയുടെ പരാമർശം 1 ലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവായിരുന്നു.

2 . ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ചിട്ടുള്ളതാണ് എന്നും ഫണ്ട് ലഭ്യമല്ലെന്നും, ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് കരാറുകാരന് എസ്റ്റിമേറ്റ് തുകയിൽ അധികരിച്ച് വന്ന 18,55,928/- രൂപ നൽകുന്നതാണെന്നുമുള്ള തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എൻജിനീയറുടെ 04.02.2020 ലെ പരാമർശം 4 പ്രകാരമുള്ള അറിയിപ്പിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപെട്ട് കരാറുകാരന് അധികമായി നൽകേണ്ട തുകയായ 18.56 ലക്ഷം രൂപ 2020-21 വർഷത്തിലെ '4515-00-800-96 Project under LAC-ADS-NP-V' എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം 2 ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം 3 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു

3 . തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഉത്തരവ് നം. ഇ7/4600/19/സി.ഇ/എൽ.എസ്.ജി.ഡി തീയതി 27/02/2020 പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപെട്ട് കരാറുകാരന് അധികമായി നൽകേണ്ട തുകയായ 18.56 ലക്ഷം രൂപ അലോട്ട്മെന്റ് ഇനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളതും 09/03/2020-ന് 8443-00-108-01-PW Deposit ( DDO Code 1602-59 B -006 ) എന്ന ശീർഷകത്തിൽ പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും 20.11.2020 ലെ പരാമർശം 4 കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരന് അധികമായി നൽകേണ്ട തുകയായ 18.56 ലക്ഷം രൂപ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഉത്തരവ് നം. ഇ7/4600/19/സി.ഇ/എൽ.എസ്.ജി.ഡി തീയതി 27/02/2020 പ്രകാരം അലോട്ട്മെന്റ് ഇനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 2019-20 സാമ്പത്തിക വർഷം അനുവദിക്കുകയും 09/03/2020-ന് 8443-00-108-01-PW Deposit ( DDO Code 1602-59 B -006 ) എന്ന ശീർഷകത്തിൽ പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത സാഹചര്യത്തിൽ, തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപെട്ട് കരാറുകാരന് അധികമായി നൽകേണ്ട തുകയായ 18.56 ലക്ഷം രൂപ , 2020-21 വർഷത്തിലെ '4515-00-800-96 Project under LAC-ADS-NP-V' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുവാനായി പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ശ്രീ.ജോർജ് എം തോമസ് എം.എൽ.എ.( ആമുഖ കത്ത് സഹിതം )

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്

അഡ്വക്കേറ്റ് ജനറൽ(കേരള ),എറണാകുളം.(ഉപരി പത്രം സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(കെട്ടിട വിഭാഗം ) , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് .

ഫിനാൻസ് വകുപ്പ്(94/എൻ.സി.ബി .2/2014/ധന.തീയതി.02.02.2021)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2021.04.12 10:55:24 IST
Reason: Approved
സെക്ഷൻ ഓഫീസർ